GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR.57/2025 04.07.2025

## ഡിജിറ്റൽ ഫാം ഫോട്ടോഗ്രാഫി മത്സരം 2025-26: എൻട്രികൾ ക്ഷണിക്കുന്നു.

തിരുവനന്തപുരം: കൃഷി വകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ 2025 -26 വർഷത്തിൽ **കൃഷി സമൃദ്ധിയിൽ എന്റെ കേരളം** എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ജീവന്റെ തുടിപ്പുള്ള ഹൃദയസ്പർശിയായ ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്.

ഒന്നാം സമ്മാനം 25,000 രൂപ

രണ്ടാം സമ്മാനം 15,000/-രൂപ

മൂന്നാം സമ്മാനം 1,0000/-രൂപ

പ്രോത്സാഹന സമ്മാനം 2,000/- രൂപ വീതം 10 പേർക്ക്

**നിബന്ധനകൾ:**

- എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, fibtvmphotography@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 2025 ആഗസ്റ്റ് 15 ന് മുൻപ് ലഭിക്കണം.

- പ്രായഭേദമെന്യേ എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

- കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും ഉണ്ടായിരിക്കണം.

- ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയയ്ക്കാവുന്നതാണ്.

- എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല.
- മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കാൻ പാടില്ല.
- എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകളിൽ അനുയോജ്യമായവ കൃഷി വകുപ്പിന്റെ വിവിധ പ്രസിദ്ധീകരണങ്ങളിലെ ആവശ്യങ്ങൾക്ക് ഫോട്ടോ കടപ്പാട് നൽകി ഉപയോഗിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 8078095860, 9383470289 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**